## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4743.** **26.10.2016 ന് മറുപടിയ്ക്ക്**

## മദ്യനിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**,, സി.കെ.നാണു**<br>**,, കെ.ബി.ഗണേഷ് കുമാർ**<br>**,, കോവൂർ കുഞ്ഞുമോൻ :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | കേരളത്തിൽ മദ്യനിരോധനം നടപ്പിലാക്കിയത് മൂലം മദ്യ ഉപഭോഗത്തിൽ വന്ന കുറവിനെ /വർദ്ധനവിനെപ്പറ്റി ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് മദ്യനിരോധനം ഏർപ്പെടുത്തിയിട്ടില്ല. മദ്യ ഉപഭോഗത്തിൽ വന്ന കുറവിനെ/ വർദ്ധനവിനെപ്പറ്റി പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. |
| (ബി) | 2014-2016 കാലയളവിൽ മദ്യവർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; മദ്യവർജ്ജന പ്രവർത്തനങ്ങൾക്ക് വേണ്ടി മദ്യത്തിന്റെ വിലയിൽ സെസ്സ് ഏർപ്പെടുത്തിയതിലൂടെ എത്ര രൂപ പിരിച്ചെടുത്തുവെന്ന് വ്യക്തമാക്കാമോ; ഈ ഇനത്തിൽ ഓരോ വർഷവും എത്ര രൂപ വീതം ചെലവാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് മദ്യ മയക്കമരുന്ന വ്യാപനത്തിനെതിരെ റാലികൾ, ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, പ്രസംഗ മത്സരം, എക്സിബിഷനുകൾ, ലഹരിവിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ മുതലായവയും കൂടാതെ ഓണാഘോഷം, സംസ്ഥാന സ്കൂൾ യുവജനോത്സവം, പൂരം, മറ്റ് ആഘോഷ പരിപാടികൾ തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ചും ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br>2014-16 കാലയളവിൽ മദ്യവർജ്ജന പ്രവർത്തനങ്ങൾക്കുവേണ്ടി മദ്യത്തിന്റെ |

<table>
<tr><td></td><td></td><td></td><td>വിലയിൽ സെസ്സ് ഏർപ്പെടുത്തിയതിലൂടെ 2014-16 കാലയളവിൽ (സെപ്റ്റംബർ മാസം വരെ) 574.77 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.<br>2014-15 - 124.80 കോടി രൂപ<br>2015-16 - 293.75 കോടി രൂപ<br>2016-17 - 156.22 കോടി രൂപ (സെപ്റ്റംബർ മാസം വരെ) 2015-16 ൽ സുബോധം പദ്ധതി നടത്തിപ്പിനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>2013-2016 കാലയളവിൽ മദ്യവില്പന മൂലം ഓരോ സർക്കാർ ഏജൻസിക്കും എത്ര രൂപയാണ് ലാഭമുണ്ടായത് എന്ന് അറിവുണ്ടോ; ഉണ്ടെങ്കിൽ ഓരോ വർഷവും എത്ര ലാഭം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>2013-2016 കാലയളവിൽ മദ്യവില്പന മൂലം ഓരോ സർക്കാർ ഏജൻസിക്കും ലഭിച്ച ലാഭത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th colspan="2">സർക്കാർ ഏജൻസിയുടെ പേര്/ ലാഭത്തുക</th></tr>
<tr><td></td><td>കെ.എസ്.ബി.സി</td><td>കെ.എസ്.സി.സി.എഫ് (കൺസ്യൂമർ ഫെഡ്)</td></tr>
<tr><td>2013-14</td><td>123.54 കോടി (Profit after Income Tax)</td><td>27.13 കോടി (താല്ക്കാലിക കണക്ക്)</td></tr>
<tr><td>2014-15</td><td>151.05 കോടി (Profit after Income Tax)</td><td>82.60 കോടി (താല്ക്കാലിക കണക്ക്)</td></tr>
<tr><td>2015-16</td><td>35.14 കോടി (Profit after Income Tax & Pre-Audit)</td><td>109.51 കോടി (താല്ക്കാലിക കണക്ക്)</td></tr>
</table></td></tr>
<tr><td>(ഡി)</td><td>മദ്യവ്യവസായ മേഖലയിൽ നിന്ന് 2013-2016 കാലയളവിൽ നികുതി ഇനത്തിൽ ലഭിച്ച തുകയുടെ കണക്ക് ക്രോഡീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണക്ക് ലഭ്യമാക്കാമോ;</td><td>(ഡി)</td><td>മദ്യവ്യവസായ മേഖലയിൽ നിന്ന് 2013-2016 കാലയളവിൽ നികുതി ഇനത്തിൽ വിൽപ്പന നികുതി ഉൾപ്പെടെ ലഭിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.<br>2013-14 - 7575 കോടി രൂപ</td></tr>
</table>

| | | | |
|---|---|---|---|
| | | | 2014-15 - 8283 കോടി രൂപ<br>2015-16 (Pre -Audit) – 9787 കോടി രൂപ |
| (ഇ) | മയക്കുമരുന്ന്, മദ്യേതര ലഹരി വസ്തുക്കൾ എന്നിവയിൽ ഏതൊക്കെ യിനങ്ങൾ കേരളത്തിൽ അനധികൃത വില്പന നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്; ഓരോ ലഹരി വസ്തുവിന്റെ യും ഏകദേശവില ഇനം തിരിച്ച് ലഭ്യമാക്കാമോ; | (ഇ) | മയക്കുമരുന്ന്, മദ്യേതര ലഹരി വസ്തുക്കൾ എന്നിവയിൽ ഓപ്പിയം, മോർഫിൻ, ഹെറോയിൻ, കൊക്കയിൻ, ഹാഷിഷ്, കഞ്ചാവ് എന്നിവ കേരളത്തിൽ അനധികൃത വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ലഹരി വസ്തുക്കളുടെ ഇപ്പോഴത്തെ വില ലഭ്യമല്ല. |
| (എഫ്) | ഇവയുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനാകുമെന്ന് കരുതു ന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തൊക്കെ കർമ്മ പദ്ധതികളാണ് ആലോചിക്കുന്നത് എന്ന് വിശദ മാക്കാമോ? | (എഫ്) | സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധ വൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.<br>2016-17 ലെ ഗവർണറുടെ നയപ്രഖ്യാപന ത്തിലും, സർക്കാരിന്റെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും, മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ബഹുജന പങ്കാളിത്തത്തോടു കൂടി ഒരു ബോധവത്ക്കരണ മിഷന് രൂപം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, **"വിമുക്തി"** ജി.ഒ.(എം.എസ്) നം. 94/2016/റ്റി.ഡി 06/10/2016 തീയ തിയിലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**